(ഡി) മുൻ വർഷം എത്ര കോടി രൂപ പ്രസ്തുത ഇനത്തിൽ ധനകാര്യ വകുപ്പിൽ നിന്നും നൽകുകയുണ്ടായി; ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയത് എത്ര;

(ഇ) ഓണത്തിന് വിപണിയിൽ ഇടപെടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ട തുക എത്രയായിരുന്നു; ഓണത്തിന് മുമ്പ് എന്ത് തുക ഇതിൽ അനുവദിച്ചു കിട്ടിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിതരണം ചെയ്തിരുന്നു.

(ബി) റേഷൻ കാർഡ് ഹാജരാക്കിയ 1527644 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ബി.പി.എൽ. കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുവാൻ 2013-14 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നോ ദുരിതാശ്വാസ നിധിയിൽ നിന്നോ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഇ) 2014-15 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ അനുവദിച്ച 65 കോടി രൂപയ്ക്ക് പുറമേ ഓണത്തിന് വിപണിയിൽ ഇടപെടാൻ സപ്ലൈകോ സർക്കാരിനോട് 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഡ്ജറ്റ് തുക മാത്രമാണ് അനുവദിച്ച് നൽകിയത്.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

288 (1345) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം നിലനിറുത്തുന്നതിനും, വിലക്കയറ്റം തടയുന്നതിനുമായി മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്ന പതിമൂന്നിന നിത്യോപയോഗ സാധനങ്ങളുടെ വില പൊതുവിപണിയിലെ വിലയ്ക്ക് തുല്യമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, വില വർദ്ധനവ് ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly